**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3276** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൻ കീഴിൽ ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസ്സറുടെ എത്ര തസ്തിക നിലവിലുണ്ടെന്ന് അറിയിക്കുമോ; സ്ഥാപനം തിരിച്ച് തസ്തികയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ താഴെപ്പറയും പ്രകാരം ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ അഞ്ച് തസ്തികകളാണ് നിലവിലുള്ളത് സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 2 സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - 2 സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 1 |
| (ബി) | പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ; സ്ഥാപനം തിരിച്ച് ഒഴിവ് എന്ന് മുതൽ നിലവിൽ വന്നു എന്ന വിവരം സഹിതം വിശദാംശം വ്യക്തമാക്കുമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ താഴെപ്പറയും പ്രകാരം ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറുടെ നാല് ഒഴിവുകളാണ് നിലവിലുള്ളത് സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ - 2 (ആദ്യത്തേത് 30.04.2010 മുതൽ രണ്ടാമത്തേത് 31.05.2018 മുതൽ) സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - 1 (30.04.2018 മുതൽ) സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - 1 (31.05.2019 മുതൽ) |
| (സി) | പ്രസ്തുത തസ്തികയിലെ ഒഴിവിലേക്ക് നിയമനത്തിനായി നൽകിയ അപേക്ഷകളുടെ വിശദാംശം വ്യക്തമാക്കുമോ; | (സി) | 14.12.2009-ലെ സ.ഉ.(അ)നം.425/2009/ആകുവ നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ എൻട്രി കേഡർ തസ്തികയാക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഈ തസ്തികയിലേയ്ക്ക് ഡി.പി.സി. മുഖേന നടന്നു വന്ന സ്ഥാനക്കയറ്റം അവസാനിക്കുകയുണ്ടായി. ഇതിന്റെ ഫലമായി നോൺ മെഡിക്കൽ വിഭാഗത്തിൽ ലക്ചറർ തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ലഭിച്ചു കൊണ്ടിരുന്ന സ്ഥാനക്കയറ്റം ലഭിക്കാതെ വരികയും ആയത് ലക്ചറർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ ബാധിക്കുകയും ചെയ്തു. ഇത് നിരവധി കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കുകയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സോഷ്യൽ സയന്റിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ നസീർ ഇ. |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്ത ഒ.എ. നം. 76/2020 കേസിലെ 16.01.2020-ലെ അന്തിമ ഉത്തരവ് പ്രകാരം ലക്ചറർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ പരിഗണിക്കുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിടുകയും ചെയ്തു. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നോൺ മെഡിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ അധ്യാപക തസ്തികകൾ മാത്രമേ നിലനിർത്തുവാൻ കഴിയുകയുള്ളൂ എന്നും, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനം, ഈ തസ്തികയ്ക്ക് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരിൽ നിന്നും നേരിട്ടുള്ള നിയമനം മുഖേന ആയിരിക്കണമെന്നും, അതേ സമയം 01.01.2021-ന് സർവീസിലുള്ളവർക്ക് നിശ്ചിത യോഗ്യത ഉണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ഈ അവസരത്തിൽ സ്ഥാനക്കയറ്റത്തിനും നേരിട്ടുള്ള നിയമനത്തിനും 1 : 1 എന്ന അനുപാതം പാലിക്കേണ്ടതുണ്ടെന്നും മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോൺ മെഡിക്കൽ വിഭാഗത്തിലെ അധ്യാപക തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കണമെന്നും ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒ.എ. നം. 76/2020 കേസിലെ 16.01.2020-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി 03.05.2021-ലെ സ.ഉ.(സാധാ)നം. 1003/2021/ആകുവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ബി2/375/2019/ആകുവ നമ്പർ ഫയലിൽ സ്വീകരിച്ചു വരുന്നു. ഇതിൽ അന്തിമ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നോൺ മെഡിക്കൽ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഈ അപേക്ഷകളിൽ പ്രൊമോഷൻ അടക്കമുള്ള നിയമനങ്ങൾ നടത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | 14.12.2009-ലെ സ.ഉ.(അ)നം.425/2009/ആകുവ നമ്പർ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ എൻട്രി കേഡർ തസ്തികയാക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഈ തസ്തികയിലേയ്ക്ക് ഡി.പി.സി. മുഖേന നടന്നു വന്ന സ്ഥാനക്കയറ്റം അവസാനിക്കുകയുണ്ടായി. ഇതിന്റെ ഫലമായി നോൺ മെഡിക്കൽ വിഭാഗത്തിൽ ലക്ചറർ തസ്തികയിലുള്ളവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് ലഭിച്ചു കൊണ്ടിരുന്ന സ്ഥാനക്കയറ്റം |

| | | | |
|---|---|---|---|
| | | | ലഭിക്കാതെ വരികയും ആയത് ലക്ചറർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ ബാധിക്കുകയും ചെയ്തു. ഇത് നിരവധി കോടതി വ്യവഹാരങ്ങൾക്ക് ഇടയാക്കുകയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സോഷ്യൽ സയന്റിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ നസീർ ഇ. ഫയൽ ചെയ്ത ഒ.എ. നം. 76/2020 കേസിലെ 16.01.2020-ലെ അന്തിമ ഉത്തരവ് പ്രകാരം ലക്ചറർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷ പരിഗണിക്കുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിടുകയും ചെയ്തു. ഈ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി. യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നോൺ മെഡിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ അധ്യാപക തസ്തികകൾ മാത്രമേ നിലനിർത്തുവാൻ കഴിയുകയുള്ളൂ എന്നും, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനം, ഈ തസ്തികയ്ക്ക് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരിൽ നിന്നും നേരിട്ടുള്ള നിയമനം മുഖേന ആയിരിക്കണമെന്നും, അതേ സമയം 01.01.2021-ന് സർവീസിലുള്ളവർക്ക് നിശ്ചിത യോഗ്യത ഉണ്ടെങ്കിൽ സ്ഥാനക്കയറ്റം നൽകാവുന്നതാണെന്നും ഈ അവസരത്തിൽ സ്ഥാനക്കയറ്റത്തിനും നേരിട്ടുള്ള നിയമനത്തിനും 1 : 1 എന്ന അനുപാതം പാലിക്കേണ്ടതുണ്ടെന്നും മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നോൺ മെഡിക്കൽ വിഭാഗത്തിലെ അധ്യാപക തസ്തികകളിലേയ്ക്കുള്ള സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കണമെന്നും ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഒ.എ. നം. 76/2020 കേസിലെ 16.01.2020-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി 03.05.2021-ലെ സ.ഉ.(സാധാ)നം. 1003/2021/ആകുവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ബി2/375/2019/ആകുവ നമ്പർ ഫയലിൽ സ്വീകരിച്ചു വരുന്നു. ഇതിൽ അന്തിമ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ നോൺ മെഡിക്കൽ വിഭാഗങ്ങളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ